# പതിനാലാം കേരള നിയമസഭ

## ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 899

11/07/2016 ൽ മറുപടിയ്ക്ക്

## ഭൂമി കൈവശക്കാർക്ക് അനുവദിച്ചു നൽകാൻ നടപടി

| ചോദ്യം | മറുപടി |
|---|---|
| ശ്രീമതി ഇ.എസ്.ബിജിമോൾ<br>ശ്രീ.മുല്ലക്കര രത്നാകരൻ<br>ശ്രീ. ഇ.കെ.വിജയൻ<br>ശ്രീമതി സി.കെ. ആശ : | ശ്രീ. ഇ. ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി) |
| (എ) 1977 നു മുമ്പ് കൈവശമുണ്ടായിരുന്നതും റവന്യൂ വകുപ്പും വനംവകുപ്പും സംയുക്ത പരിശോധന നടത്തിയതുമായ എത്ര ഏക്കർ ഭൂമി സംസ്ഥാനത്തുണ്ട്; ഇതിൽ എത്ര ഏക്കർ ഭൂമി കൈവശക്കാർക്ക് ഇതുവരെ അനുവദിച്ചു നൽകിയെന്ന് വ്യക്തമാക്കുമോ; | (എ) കേരള സംസ്ഥാനത്ത് റവന്യൂ വനം വകുപ്പുകളുടെ സംയുക്ത പരിശോധന പൂർത്തീകരിച്ച് കേന്ദ്ര സർക്കാരിന്റെ അംഗീകാരം ലഭിച്ച വനഭൂമി 28588 ഹെക്ടർ ആണ്. ആയതിൽ 24000 ഹെക്ടറോളം ഭൂമിയിൽ പട്ടയ വിതരണം നടത്തിയിട്ടുണ്ട്. |
| (ബി) ഈ കാലയളവിനു മുമ്പുള്ള കൈവശക്കാർക്ക് ഇനി ഭൂമി വിതരണം ചെയ്യാനുണ്ടോ; ഉണ്ടെങ്കിൽ ഇനി എത്ര ഏക്കർ ഭൂമി വിതരണം ചെയ്യാനുണ്ട്; ഓരോ ജില്ലയിലും എത്ര വീതം; | (ബി) സംയുക്ത പരിശോധന പൂർത്തീകരിച്ചതും എന്നാൽ കേന്ദ്ര സർക്കാരിന്റെ അംഗീകാരം ലഭിയ്ക്കാത്തതിനാൽ 1993 ലെ ഭൂമി പതിവ് പ്രത്യേക ചട്ടങ്ങൾ ( 01.01.1977 ന് മുമ്പുള്ള വനഭൂമി കയ്യേറ്റം ക്രമീകരിയ്ക്കൽ) പ്രകാരം പതിവ് നടപടികൾ സ്വീകരിയ്ക്കാൻ കഴിയാത്തവ സംബന്ധിച്ച ജില്ല തിരിച്ചുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു. |

| ജില്ല | സംയുക്ത പരിശോധന കഴിഞ്ഞതും കേന്ദ്ര സർക്കാരിന്റെ അംഗീകാരം ലഭിക്കേണ്ടത് | കേന്ദ്ര സർക്കാരിന്റെ അംഗീകാരം ലഭിച്ചത് |
|---|---|---|
| തിരുവനന്തപുരം | 101.21.46 ഹെക്ടർ | ഇല്ല |
| കൊല്ലം | 729.71.60 | 70.00 ഹെ. |
| കോട്ടയം | 705.27.52 | ഇല്ല |
| പത്തനംതിട്ട | 2054.68.00 | 60.00 ഹെ |
| ഇടുക്കി | 25363 | 25363 |
| എറണാകുളം | 670.52.42 | 375.00 ഹെ |
| തൃശ്ശൂർ | 2720.90.40 | 2720.00 ഹെ |
| പാലക്കാട് | 960.00 | ഇല്ല |
| മലപ്പുറം | 307 ഹെ | ഇല്ല |
| വയനാട് | 298.81 ഹെ | ഇല്ല |
| കണ്ണൂർ | 9.32.80 | ഇല്ല |
| കോഴിക്കോട് | 64.51.00 ഹെ | ഇല്ല |
| കാസറഗോഡ് | 480.48 ഹെ | ഇല്ല |

(സി) ഇത്തരത്തിലുള്ള ഭൂമി വിതരണം ചെയ്യുന്നതിന് എന്തു നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ?

(സി) ടി വിഷയത്തിൽ 17/6/2016 ൽ റവന്യൂ, വനം. മന്ത്രിമാരുടേയും, വകുപ്പ് സെക്രട്ടറിമാരുടേയും, ഉദ്യോഗസ്ഥരുടെയും യോഗം ചേരുകയുണ്ടായി. ടി യോഗത്തിൽ താഴെ പറയുന്ന തീരുമാനങ്ങൾ കൈക്കൊണ്ടിട്ടുണ്ട് :-

1) വനം-റവന്യൂ വകുപ്പിന്റെ സംയുക്ത പരിശോധന പൂർത്തിയാക്കിയ കേസുകളിൽ, ഇനിയും പട്ടയവിതരണം പൂർത്തിയാക്കാൻ ബാക്കിയുള്ള ഏകദേശം 4000 ഹെക്ടർ വനഭൂമിയ്ക്ക് പകരമായി തത്തുല്യമായ റവന്യൂഭൂമി, ജില്ലാ കളക്ടർമാർ കണ്ടെത്തി വനം വകുപ്പിന് കൈമാറുകയോ അഥവാ ഒരിരട്ടി കൂടി ദുർബലവനഭൂമി ഫലപുഷ്ടമായ വനഭൂമി ആക്കി മാറ്റുന്നതിന് വേണ്ട വിശദാംശങ്ങൾ നൽകുകയോ ചെയ്യുന്നതിനും


2) വനം വകുപ്പിന് കൈമാറേണ്ട റവന്യൂ ഭൂമി സംബന്ധമായ വിവരങ്ങൾ അഥവാ ദുർബല വനഭൂമി സംബന്ധിച്ച വിവരങ്ങൾ അതത് ജില്ലാ കളക്ടർമാർ 30/9/16 നകം ലാന്റ് റവന്യൂ കമ്മീഷണർക്ക് നൽകേണ്ടതാണ്.

3) സർക്കാർ ഭൂമിയ്ക്ക് ദൗർലഭ്യം നേരിടുന്ന സാഹചര്യത്തിൽ ഭാവിയിൽ റവന്യൂ, വനം വകുപ്പുകളുടെ അധീനതയിലുള്ള ഭൂമിയിൽ കൈയ്യേറ്റമുണ്ടാകാതെ സംരക്ഷിക്കുന്നതിനുള്ള അടിയന്തിര നടപടി കൈക്കൊള്ളേണ്ടതാണ്.

4) 1/1/1977 ന് മുമ്പ് കൈയ്യേറിയതും ഇനിയും സംയുക്ത പരിശോധന പൂർത്തിയാക്കാനുള്ളതുമായ കേസുകൾ ഉണ്ടെങ്കിൽ ആയതിനുള്ള നടപടിക്രമങ്ങൾ റവന്യൂ-വനം വകുപ്പുകൾ സ്വീകരിക്കുന്നതാണ്.

5) സംയുക്ത പരിശോധന പൂർത്തിയാക്കി, കേന്ദ്രാനുമതി ലഭിച്ചതിൽ ഇനിയും പട്ടയം നൽകിയിട്ടില്ലാത്ത കേസുകൾ റവന്യൂ വകുപ്പ് പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണ്.

6) കുളത്തൂപ്പുഴ-സാം നഗർ, തെന്മല റിസർവോയർ പ്രദേശത്തുള്ള 490 കുടുംബങ്ങൾക്ക് പട്ടയം അനുവദിക്കുന്നതിന് വേണ്ടി വനം വകുപ്പിന് കൈമാറി നൽകേണ്ട 90 ഏക്കർ ഭൂമി കണ്ടെത്തി നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.



**സെക്ഷൻ ഓഫീസർ**